**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3490** **15-02-2024 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഭൂമിക്ക് വേണ്ടിയുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ വികസന പദ്ധതികൾക്കാണ് ഭൂമി ഏറ്റെടുക്കാനുള്ള അപേക്ഷകൾ ലഭ്യമായിട്ടുള്ളതെന്നും ആയതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ വികസന പദ്ധതികളുമായി ബന്ധപ്പെട്ട് ലഭ്യമായ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. **കേരള സെൻട്രൽ യൂണിവേഴ്സിറ്റി പെരിയ**<br><br>കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ പെരിയ വില്ലേജ് 514/pt ൽപ്പെട്ട 1.5 ഏക്കർ ഭൂമി (60.71 ആർ) കേരള സെൻട്രൽ യൂണിവേഴ്സിറ്റിയ്ക്കായി ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചിട്ടുണ്ട്. എന്നാൽ അലൈൻമെന്റ് സ്കെച്ചിലെ വിസ്തീർണ്ണം റിക്വിസിഷനുമായി വ്യത്യാസം വന്നതിനെ തുടർന്ന് തിരുത്തി ലഭിക്കുന്നതിനു വേണ്ടി അർത്ഥനാധികാരിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാൽ മാത്രമേ സ്വകാര്യവ്യക്തികളുടെ കൈവശമുള്ള ഭൂമിയും റവന്യൂ ഭൂമിയും തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.<br><br>2. **കാസർഗോഡ് ജില്ലയിലെ നീലേശ്വരം പുഴയേയും ചിത്താരി പുഴയേയും ബന്ധിപ്പിക്കുന്നതിന് കൃത്രിമ ജലപാത**<br><br>കാഞ്ഞങ്ങാട് നിയമസഭ നിയോജക മണ്ഡലത്തിലെ അജാനൂർ, ബല്ല, ഹൊസ്ദുർഗ്,കാഞ്ഞങ്ങാട് എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന 44.16 ഹെക്ടർ ഭൂമി (1.50 ഹെക്ടർ റവന്യൂ ഭൂമി ഉൾപ്പെടെ) കോവളം ബേക്കൽ ഉൾനാടൻ ജലഗതാഗതത്തിൻറെ വികസനത്തിൻറെ ഭാഗമായി കാസർഗോഡ് ജില്ലയിലെ നീലേശ്വരം പുഴയേയും, ചിത്താരി പുഴയേയും ബന്ധിപ്പിക്കുന്നതിന് കൃത്രിമ ജലപാത നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് റിക്വിസിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉൾനാടൻ ജലഗതാഗതം കണ്ണൂരിൽ നിന്നും ലഭ്യമായിട്ടുള്ളതാണ്. റിക്വിസിഷൻ പ്രകാരം 44.16 ഹെക്ടർ ഭൂമിയിൽ 1.50 ഹെക്ടർ റവന്യൂ ഭൂമി ഉൾപ്പെട്ടിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതികൾ പ്രാരംഭ നടപടികളിലായതിനാൽ സർവ്വെ നടപടികൾ ആരംഭിച്ചാൽ മാത്രമേ റവന്യൂ ഭൂമിയുടെ യഥാർത്ഥ വിസ്തീർണ്ണം തിട്ടപ്പെടുത്താൻ സാധിയ്ക്കുകയുള്ളൂ. തുടർന്ന് സ്വകാര്യ ഭൂമി അക്വിസിഷൻ നടപടികളിലൂടെയും റവന്യൂ ഭൂമി, ഭൂമി കൈമാറ്റത്തിലൂടെയും പദ്ധതിയയ്ക്കായി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത അപേക്ഷകളിന്മേൽ നടപടികൾ എപ്പോൾ പൂർത്തീകരിക്കുമെന്നും ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദീകരിക്കാമോ? | (ബി) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ വികസന പദ്ധതികളുമായി ബന്ധപ്പെട്ട് ലഭ്യമായ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. **<u>കേരള സെൻട്രൽ യൂണിവേഴ്സിറ്റി പെരിയ</u>**<br><br>കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ പെരിയ വില്ലേജ് 514/pt ൽപ്പെട്ട 1.5 ഏക്കർ ഭൂമി (60.71 ആർ) കേരള സെൻട്രൽ യൂണിവേഴ്സിറ്റിയ്ക്കായി ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചിട്ടുണ്ട്. എന്നാൽ അലൈൻമെന്റ് സ്കെച്ചിലെ വിസ്തീർണ്ണം റിക്വിസിഷനുമായി വ്യത്യാസം വന്നതിനെ തുടർന്ന് തിരുത്തി ലഭിക്കുന്നതിനു വേണ്ടി അർത്ഥനാധികാരിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാൽ മാത്രമേ സ്വകാര്യവ്യക്തികളുടെ കൈവശമുള്ള ഭൂമിയും റവന്യൂ ഭൂമിയും തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.<br><br>2. **<u>കാസർഗോഡ് ജില്ലയിലെ നീലേശ്വരം പുഴയേയും ചിത്താരി പുഴയേയും ബന്ധിപ്പിക്കുന്നതിന് കൃത്രിമ ജലപാത</u>**<br><br>കാഞ്ഞങ്ങാട് നിയമസഭ നിയോജക മണ്ഡലത്തിലെ അജാനൂർ, ബല്ല, ഹൊസ്ദുർഗ്,കാഞ്ഞങ്ങാട് എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന 44.16 ഹെക്ടർ ഭൂമി (1.50 ഹെക്ടർ റവന്യൂ ഭൂമി ഉൾപ്പെടെ) കോവളം ബേക്കൽ ഉൾനാടൻ ജലഗതാഗതത്തിൻറെ വികസനത്തിൻറെ ഭാഗമായി കാസർഗോഡ് ജില്ലയിലെ നീലേശ്വരം പുഴയേയും, ചിത്താരി പുഴയേയും ബന്ധിപ്പിക്കുന്നതിന് കൃത്രിമ ജലപാത നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് റിക്വിസിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉൾനാടൻ ജലഗതാഗതം കണ്ണൂരിൽ നിന്നും ലഭ്യമായിട്ടുള്ളതാണ്. റിക്വിസിഷൻ പ്രകാരം 44.16 ഹെക്ടർ ഭൂമിയിൽ 1.50 ഹെക്ടർ റവന്യൂ ഭൂമി ഉൾപ്പെട്ടിട്ടുള്ളതാണ്.<br><br>പ്രസ്തുത പദ്ധതികൾ പ്രാരംഭ നടപടികളിലായതിനാൽ സർവ്വെ നടപടികൾ ആരംഭിച്ചാൽ മാത്രമേ റവന്യൂ ഭൂമിയുടെ യഥാർത്ഥ വിസ്തീർണ്ണം തിട്ടപ്പെടുത്താൻ |

| | | | |
|---|---|---|---|
| | | | സാധിയ്ക്കുകയുള്ളൂ. തുടർന്ന് സ്വകാര്യ ഭൂമി അക്വിസിഷൻ നടപടികളിലൂടെയും റവന്യൂ ഭൂമി, ഭൂമി കൈമാറ്റത്തിലൂടെയും പദ്ധതിയ്ക്കായി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ